**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5738** **24-03-2025 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2016 സർക്കാരിന്റെ കാലയളവുമുതൽ നാളിതുവരെ ലൈഫ് മിഷൻ പദ്ധതിയിലൂടെ എത്ര കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | 15.03.2025 വരെ ലൈഫ് മിഷൻ ഭവനപദ്ധതിയിലൂടെ 5,44,479 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ആനുകൂല്യം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബ ന്ധമായി ചേർക്കുന്നു. |
| (ബി) | ഇനിയും പാർപ്പിട സൗകര്യം ഉറപ്പാക്കേണ്ട കുടുംബങ്ങളുടെ എണ്ണം എത്രയെന്നും ഇവർക്കായുള്ള പാർപ്പിട സൗകര്യം സമയബന്ധിതമായി ഉറപ്പാക്കാൻ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ; | (ബി) | ലൈഫ് മിഷൻ വിവിധ ഘട്ടങ്ങളിലൂടെ അർഹരായി കണ്ടെത്തിയ ഭൂമിയുള്ള ഭവനരഹിതരിൽ 2,75,956 ഗുണഭോക്താക്കളും 3,38,770 ഭൂരഹിത ഭവന രഹിതർക്കും പാർപ്പിട സൗകര്യം ലഭ്യമാക്കേ ണ്ടതുണ്ട്. ഭൂമിയുള്ള ഭവനരഹിതരിൽ കരാർ വെയ്ക്കുവാൻ അവശേഷി ക്കുന്നവരുടെ കരാറ് വെയ്ക്കൽ ഫണ്ട് ലഭ്യത അനുസരിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പുരോഗ മിക്കുന്നു. ഭൂരഹിത കുടുംബങ്ങളെ ഭവന സമുച്ചയങ്ങളിലൂടെ പുനരധിവസിപ്പി ക്കുന്നതിനും, വകുപ്പുകൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ലയൺസ്-ലൈഫ്, ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി എന്നിവയിലൂടെ ഭൂമി ലഭ്യമാക്കുന്നതിനും മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ മുഖേന ഭൂമി ലഭ്യമാക്കിയും ഭൂമി ആർജ്ജിച്ച് കഴിയുമ്പോൾ ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയും സുരക്ഷിത ഭവനങ്ങൾക്ക് ഉടമകളാക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. |
| (സി) | സംസ്ഥാനത്തെ അതിദരിദ്ര കുടുംബങ്ങളുടെ ഉന്നമനത്തിന് അടിയന്തരമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | അതിദരിദ്ര പട്ടികയിൽ ഭക്ഷണം ആവശ്യമുണ്ടെന്ന് കണ്ടെത്തിയതിൽ സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ കഴിയുന്ന 20792 കുടുംബങ്ങൾക്ക് ഭക്ഷ്യ വസ്തുക്കൾ അടങ്ങിയ കിറ്റുകളും അതിന് കഴിയാത്ത 2212 കുടുംബങ്ങൾക്ക് ജനകീയ ഹോട്ടലുകൾ, സാമൂഹ്യ അടുക്കളകൾ എന്നിവ വഴി പാകം ചെയ്ത ഭക്ഷണവും നൽകുകയും ,ആയത് ഇപ്പോഴും തടസ്സമില്ലാതെ ലഭിയ്ക്കുന്നു എന്ന് തദ്ദേശ |

സ്വയംഭരണസ്ഥാപനങ്ങൾ മുഖേന ഉറപ്പ് വരുത്തുന്നുണ്ട്.

ആരോഗ്യ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുകൾ നേരിട്ട 29912 ഗുണഭോക്താക്കൾക്കു പാലിയേറ്റിവ് ചികിത്സ ആവശ്യമുള്ളവർക്കും മരുന്നുകൾ ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും അവയവ മാറ്റിവയ്ക്കൽ ചികിത്സയ്ക്ക് 7 ഗുണഭോക്താക്കൾക്ക് വേണ്ട സഹായം നൽകുവാനും കഴിഞ്ഞിട്ടുണ്ട്.

അടിസ്ഥാന രേഖകൾ പോലുമില്ലാതെ ബുദ്ധിമുട്ടിയിരുന്ന അതിദരിദ്രർക്ക് റേഷൻ കാർഡ്, ആധാർ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് പോലെയുള്ള അവകാശ രേഖകളും ആരോഗ്യ ഇൻഷ്വറൻസ്, സാമൂഹ്യ സുരക്ഷ പെൻഷൻ മുതലായ അടിയന്തര രേഖകളും നൽകുവാൻ സാധിച്ചിട്ടുണ്ട്.

കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ ഉജ്ജീവനം; എന്ന പേരിൽ ആരംഭിച്ച സമഗ്ര പദ്ധതി വഴിയും തദ്ദേശ സ്ഥാപനങ്ങൾ നേരിട്ടും മറ്റ് വകുപ്പുകൾ മുഖേനയും 4125 കുടുംബങ്ങൾക്ക് വരുമാന ദായക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സാധിച്ചിട്ടുണ്ട്.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി എല്ലാവർക്കും തൊഴിൽ കാർഡ് നൽകി 100 ദിന തൊഴിലുറപ്പാക്കു ന്നതിനും, ജീവനോപാധികൾ നിർമ്മിച്ച് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ക്ഷീരവികസന വകുപ്പ്, കൃഷി വകുപ്പ്, എന്നിവ മുഖാന്തിരം വരുമാനം ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

അതിദരിദ്രരായി കുടുംബങ്ങളിൽ വീട് വേണ്ടവർക്ക് വീട് ലഭ്യമാക്കുന്നതിനും വസ്തുവും വീടും വേണ്ടവർക്ക് ആയത് ലഭ്യമാക്കിയുള്ള പുനരധിവാസവുമാണ് ലൈഫ് മിഷനിലൂടെ നിർവ്വഹിക്കുന്നത്. ഭൂമി ലഭ്യമായിട്ടുള്ള വീടും വേണ്ടവർക്ക് ഭവനനിർമ്മാണ ധന സഹായം അനുവദിച്ച് സ്വന്തമായി ഒരു ഭവനം ലഭ്യമാക്കുന്നതിനുള്ള നടപടികളിലൂടെ ടി കുടുംബങ്ങളുടെ ഉന്നമനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പുരോഗമിച്ച് വരികയാണ്. വസ്തുവും വീടും വേണ്ടവർക്ക് സർക്കാർ പുറമ്പോക്ക് ഭൂമി കണ്ടെത്തിയും ലയൺസ് ലൈഫ്, ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതിയുടെ ഭാഗമായും മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിനിലൂടെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, പട്ടിക ജാതി/ പട്ടിക വർഗ്ഗ വകുപ്പുകൾ എന്നിവ മുഖേനയും ഭൂമി ലഭ്യമാക്കുന്നതിനും ഇപ്രകാരം ഭൂമി ലഭ്യമാക്കുന്നവർക്ക് ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി

| | | | |
|---|---|---|---|
| | | | ഭവനനിർമ്മാണ ധനസഹായം അനുവദിച്ചും ടി കുടുംബങ്ങളുടെ ഉന്നമനത്തിനായുള്ള നടപടികൾ ഊർജ്ജിതമായി പുരോഗമിക്കുക യാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ജില്ല** | **കരാറിൽ ഒപ്പവെച്ചവരുടെ എണ്ണം** | **പൂർത്തീകരിച്ച് താമസം തുടങ്ങിയവർ** |
|---|---|---|
| തിരുവനന്തപുരം | 67807 | 53231 |
| കൊല്ലം | 46958 | 37271 |
| പത്തനംതിട്ട | 16733 | 12699 |
| ആലപ്പുഴ | 38491 | 30301 |
| കോട്ടയം | 22144 | 17067 |
| ഇടുക്കി | 29574 | 24317 |
| എറണാകുളം | 39042 | 32879 |
| തൃശ്ശൂർ | 39383 | 30692 |
| പാലക്കാട് | 59310 | 48010 |
| മലപ്പുറം | 69344 | 51651 |
| കോഴിക്കോട് | 39472 | 31523 |
| വയനാട് | 31154 | 25821 |
| കണ്ണൂർ | 24243 | 20243 |
| കാസറഗോഡ് | 20824 | 17153 |
| **ആകെ** | **544479** | **432858** |